5

# ന്യായപ്രമാണം യിസ്രായേലിന്റെ ദേശീയ നിയമം ആയി

*“നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു? ഞാൻ ഇന്നു നിങ്ങളുടെ മുമ്പിൽ വെക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠജാതി ഏതുള്ളു?” (ആവർത്തനപുസ്തകം 4:7, 8).*

ദൈവം അവരുടെ ദൈവം ആകേണ്ടതിന്നു യിസ്രായേലുമായി ദൈവം ഒരു നിയമം ചെയ്തതായും, അവരെ വേർതിരിച്ചു പ്രത്യേക ജനമാക്കിയതായും നാം കണ്ടു. എങ്ങനെ അവന്റ ആളുകൾ ആകാം എന്നു കാണിക്കുന്ന നിയമം അവർക്കു കൊടുത്തു. ദൈവം അവർക്കു കൊടുത്ത ഈ നിയമത്തിൽ, വിവിധ ഉടമ്പടിയിൽ കൊടുത്തതു, അവർക്കു ഒരു ദേശീയ നിയമം കൂടെ ആയിരുന്നു. ദൈവത്താൽ ഭരിക്കപ്പെടുന്ന ദേശമായിരുന്നു യിസ്രായേൽ. നിയമത്തിൽ, കുടുംബബന്ധങ്ങൾ, ആഹാരരീതി, ദേശീയ കാര്യങ്ങൾ, സാമൂഹ്യബന്ധങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്നു. അതിൽ വ്യക്തിപരവും, മതപരവും, ധാർമ്മികവുമായ കടപ്പാടുകൾ വ്യക്തമാക്കിയിരുന്നു.

യിസ്രായേലിനു ദൈവം കൊടുത്ത നിയമങ്ങൾ പ്രത്യേക ക്രമമായിട്ടല്ല രേഖപ്പെടുത്തിയിരിക്കുന്നത്. ഒരേ രീതിയിലുള്ള പല പ്രമാണങ്ങളും ഇടകലർന്നാണുള്ളത്, എന്നാൽ ചിലതു ഒരുമിച്ചു ചേർത്തിട്ടുമുണ്ട്. അത്തരം ഒരുമിച്ചു ചേർത്തിട്ടുള്ളവ വ്യക്തി പരമായും, ഓരോരുത്തരോടുമുള്ള ബന്ധം, വ്യക്തിപരമായ ഉത്തവാദിത്വങ്ങൾ, ദേശിയകാര്യങ്ങൾ, മതപരമായ കടമകൾ, മറ്റു പരിഗണിക്കേണ്ടവയും ഉൾക്കൊള്ളുന്നതാണ്.

**ഒരു തീർച്ചയുള്ള ദേശം**

സിനായ് പർവ്വതത്തിൽ ദൈവം ഇസ്രായേലിനു നൽകിയ നിയമം മുൻപു നല്കിയിരുന്നില്ല. അബ്രഹാമും, ഇസഹാക്കും, യാക്കൊബും കനാൻ ദേശത്തു താമസിച്ചിരുന്നപ്പോൾ അവർക്കു ഒരു ദേശത്തിനുള്ള നിയമം ആവശ്യമായിരുന്നില്ല. അവരുടെ പിൻഗാമികൾ മിസ്രയിമിൽ താമസിച്ചപ്പോൾ അവർക്കും ഒരു നിയമം ആവശ്യമുണ്ടായിരുന്നില്ല, കാരണം അവർ മിസ്രയിമിൽ അടിമകളായിരുന്നു. അവർക്കു മിസ്രയിമ്യരുടെ നിയമം ഉണ്ടായിരുന്നു. മിസ്രയിമിൽ നിന്നു പുറപ്പെട്ടുപോയപ്പോഴാണ് അവർക്കു ഒരു ദേശീയ നിയമം ആവശ്യമായി വന്നത്. ദൈവം നിയമം കൊടുത്തുകൊണ്ട് അവരുടെ സാഹചര്യത്തിനു പ്രതിവിധി വരുത്തി.

മറ്റു ദേശക്കാർക്ക് നിയമം കൊടുത്തില്ല എന്നു മോശെയുടെ ചോദ്യങ്ങൾ വ്യക്തം, "ഞാൻ ഇന്നു നിങ്ങളുടെ മുൻപിൽ വെക്കുന്ന ഈ സകല ന്യായപ്രമാണവും പോലെ ഇത്ര നീതിയുള്ള ചട്ടങ്ങളും വിധികളും ഉള്ള ശ്രേഷ്ഠ ജാതി ഏതുള്ളു?" (ആവർത്തന പുസ്തകം 4:8).

ദാവീദ് എഴുതി:

> അവൻ യാക്കൊബിന്നു തന്റെ വചനവും യിസ്രായേലിനു തന്റെ ചട്ടങ്ങളും വിധികളും വെളിപ്പെടുത്തുന്നു. ഇങ്ങനെ യാതൊരു ജാതിക്കും അവൻ ചെയ്തിട്ടില്ല. അവന്റെ വിധികളെ അവർ അറിഞ്ഞിട്ടുമില്ല യഹോവയെ സ്തുതിപ്പിൻ (സങ്കീർത്തനങ്ങൾ 147:19, 20).

പൗലൊസും ഈ സത്യം പഠിപ്പിച്ചിട്ടുണ്ട്: "ന്യായപ്രമാണം ഇല്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളത് സ്വഭാവത്താൽ ചെയ്യുമ്പോൾ ന്യായപ്രമാണം ഇല്ലാത്തവർ തങ്ങൾക്കുതന്നേ ഒരു ന്യായപ്രമാണം ആകുന്നു'' (റോമർ 2:14). ന്യായപ്രമാണമില്ലാത്തവരെക്കുറിച്ചു പൗലൊസ് 1 കൊരിന്ത്യർ 9:21 ലും പറയുന്നുണ്ട്. ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ചു പാപം ചെയ്യുന്നവരെ മാത്രമെ ന്യായപ്രമാണത്താൽ വിധിക്കുകയുള്ളു (റോമർ 2:12).

ന്യായപ്രമാണം പത്തു കല്പനകളുടെ വിപുലീകരണമായിരുന്നു (പുറപ്പാട് 34:27, 28; 1 രാജാക്കന്മാർ 8:9, 21), അതു യിസ്രായേലിനു മാത്രമായികൊടുത്തതായിരുന്നു. മിസ്രയിം അടിമത്വത്തിൽ നിന്നു ദൈവം വിടുവിച്ചു കൊണ്ടുവന്നവർ, ദൈവത്തിന്റെ തിരഞ്ഞെടുത്ത ജനമായിരുന്നു.

**ഒരു തീർച്ചയുള്ള ദേശം**

യിസ്രായേൽ ദേശത്തു വെച്ചു അനുസരിക്കുവാൻ ദൈവം കൊടുത്ത നിയമത്തിലെ ചില വിധികൾ ആ ദേശത്തിന്റെ അതിരിനു

പുറത്തു അനുസരിക്കുക പ്രയാസമായിരുന്നു. മോശെ പറഞ്ഞു, ''നിങ്ങൾ കൈവശമാക്കുവാൻ ചെല്ലുന്ന ദേശത്തു നിങ്ങൾ അനുസരിച്ചു നടപ്പാനായി എന്റെ ദൈവമായ യഹോവ എന്നോടു കല്പിച്ചതുപോലെ ഞാൻ നിങ്ങളോടു ചട്ടങ്ങളും വിധികളും ഉപദേശിച്ചിരിക്കുന്നു" (ആവർത്തനപുസ്തകം 4:5; കൂടാതെ 6:1, 2).

**ഒരു തീർച്ചയുള്ള പട്ടണം.**

താൻ തിരഞ്ഞെടുത്ത സ്ഥലത്തു തന്നെ അന്വേഷിപ്പാനാണ് ദൈവം യിസ്രായേലിനോടു പറഞ്ഞത് (ആവർത്തന പുസ്തകം 12:5-7). ആ സ്ഥലം "ഞാൻ തിരഞ്ഞെടുത്ത യെരുശലേം നിമിത്തം ഒരു ഗോത്രത്തെ ഞാൻ നിന്റെ മകനു അവന്റെ നാമം സ്ഥാപിക്കേണ്ടതിനു കൊടുക്കും" (1 രാജാക്കന്മാർ 14:21; കൂടാതെ നോക്കുക 1 രാജാക്കന്മാർ 11:13; 2 രാജാക്കന്മാർ 21:4, 7). യെരുശലേമിന്നു പുറത്തു താമസിച്ചിരുന്നവർക്കു വളരെ ദൂരെ യാത്ര ചെയ്തു വേണം യെരുശലേമിൽ എത്തുവാൻ, ഭൂമിയിലെ സകല ആളുകളും യെരുശലേമിൽ ചെല്ലണം എന്നായിരുന്നു കല്പന എങ്കിൽ അതു വിഷമകരം തന്നെ ആകുമായിരുന്നു.

യിസ്രായേൽ ജനം വാഗ്ദത്ത ദേശത്തു പ്രവേശിക്കുമ്പോൾ താഴെ പറയുന്നതു ചെയ്യുവാൻ പറഞ്ഞിരുന്നു:

> നിങ്ങളുടെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിപ്പാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നിങ്ങളുടെ ഹോമയാഗങ്ങൾ, ഹനനയാഗങ്ങൾ, ദശാംശങ്ങൾ, നിങ്ങളുടെ കയ്യിലെ ഉദർച്ചാർപ്പണങ്ങൾ, നിങ്ങൾ യഹോവെക്കു നേരുന്ന വിശേഷമായ നേർച്ചകൾ എല്ലാം എന്നിങ്ങനെ ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നതൊക്കെയും നിങ്ങൾ കൊണ്ടു വരേണം (ആവർത്തന പുസ്തകം 12:11; കൂടാതെ 26:2).

ജനങ്ങൾ അവരുടെ ധാന്യത്തിന്റെ പത്തിലൊന്നു അല്ലെങ്കിൽ അവരുടെ കന്നുകാലികളുടെ ആദ്യപിറപ്പും ഈ സ്ഥലമായ, യെരുശലേമിൽ കൊണ്ടു വന്നു വേണം ഭക്ഷിക്കുവാൻ കൊണ്ടുവരുവാൻ പറ്റാത്തദൂരത്താണ് അവർ താമസിക്കുന്നതെങ്കിൽ അവ വിറ്റു പണം കൊണ്ടു വാങ്ങി ദൈവം തിരഞ്ഞെടുത്ത സ്ഥലത്തു വെച്ചു ഭക്ഷിക്കേണം (ആവർത്തനപുസ്തകം 12:17-22, 26-28; 14:23-26).

ദൈവം തിരഞ്ഞെടുത്ത സ്ഥലത്തു വെച്ചു വേണം എല്ലാ യാഗങ്ങളും അർപ്പിക്കുവാൻ (ആവർത്തനപുസ്തകം 12:13, 14, 26). വർഷത്തിലെ മൂന്നു പെരുന്നാളുകളും (പെസഹ, വാരോത്സവം, കൂടാരപ്പെരുന്നാൾ; ആവർത്തന പുസ്തകം 16:2-15) അവിടെയായിരുന്നു ആഘോഷിക്കേണ്ടിയിരുന്നത്. എല്ലാ പുരുഷന്മാരും ഈ പെരുന്നാളുകളിൽ അവിടെ സംബന്ധിക്കണ മായിരുന്നു (ആവർത്തനപുസ്തകം 16:16).

കോടതികാര്യങ്ങൾ പുരോഹിതന്മാർ വിചാരണ ചെയ്യുന്നതും

അവിടെ വെച്ചായിരുന്നു (ആവർത്തനപുസ്തകം 17:8-13). ഇവിടെ വെച്ചു കൂടാരപെരുന്നാളിൽ ഓരോ ഏഴാംവർഷവും ന്യായപ്രമാണം വായിച്ചു കേൾപ്പിക്കണമായിരുന്നു (ആവർത്തന പുസ്തകം 31:10, 11).

## ദൈവത്തിൽ നിന്നുള്ള ഒരു നിയമം

താൻ കൊടുത്ത ചട്ടങ്ങളും വിധികളും ദൈവം കല്പിച്ചതാണെന്നു മോശെ യിസ്രായേൽ ജനത്തോടു പറഞ്ഞു. ഈ നിയമാവലികളും ചട്ടങ്ങളും മോശെ കണ്ടു പിടിച്ചതല്ല, ദൈവം കല്പിച്ചതാണെന്നർത്ഥം. ലേവ്യാ പുസ്തകത്തിൽ ഈ കല്പനകൾ കൊടുത്തു മോശെ എഴുതി, "യിസ്രായേൽ മക്കൾക്കു വേണ്ടി യഹോവ സിനായ് പർവ്വതത്തിൽ വെച്ചു മോശെയോടു കല്പിച്ച കല്പനകൾ ഇവ തന്നേ" (ലേവ്യാ പുസ്തകം 27:34).

ന്യായപ്രമാണത്തിന്റെ ചട്ടങ്ങളും, വിധികളും, പ്രമാണങ്ങളും കൊടുത്തുകൊണ്ട് മോശെ യിസ്രായേൽ ജനത്തെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചത് ഇവ ദൈവത്തിൽ നിന്നാണ്, അതിനർത്ഥം മോശെയിൽ നിന്നല്ല എന്നത്രേ. അത്തരം പ്രസ്താവനകളുടെ ഒരു സാമ്പിൾ ഇതാ: "യഹോവ മോശെ മുഖാന്തരം നിങ്ങളോടു കല്പിച്ച സകലത്തിനും യാതൊന്നെങ്കിലും നിങ്ങൾ പ്രമാണിക്കാതെ തെറ്റു ചെയ്താൽ ..." (സംഖ്യാപുസ്തകം 15:22-24); "ആകയാൽ നിന്റെ ദൈവമായ യഹോവയുടെ വാക്ക് അനുസരിച്ചു, ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന അവന്റെ കല്പനകളും ചട്ടങ്ങളും ആചരിക്കണം എന്നു പറഞ്ഞു" (ആവർത്തന പുസ്തകം 27:10).[1] "യഹോവ മോശെ യോടു അരുളിച്ചെയ്തതു" (ലേവ്യാപുസ്തകം 18:1; 19:1; 20:1; സംഖ്യാ പുസ്തകം 8:23; 15:1) തുടങ്ങിയ പ്രസ്താവനകൾ സൂചിപ്പിക്കുന്നത് എന്തെന്നാൽ അവൻ യിസ്രായേലിന്നു കൊടുത്ത ന്യായപ്രമാണം അവനിൽ നിന്നല്ല, ദൈവത്തിൽ നിന്നായിരുന്നു എന്നാണ്.

മോശെ കല്പിച്ചതു ദൈവത്തിൽ നിന്നാണെന്ന്, തെളിവോടെ അവതരിപ്പിക്കേണ്ടതു ആവശ്യമായതു കൊണ്ട് നല്ലതുപോലെ അദ്ധ്വാനിച്ചു എന്നു തോന്നുന്നു. ചില ആളുകൾ "മോശെയുടെ ന്യായപ്രമാണം" എന്നും "ദൈവത്തിന്റെ ന്യായപ്രമാണമെന്നും" രണ്ടായി വേർതിരിച്ചു കാണിക്കുന്നുണ്ട്. അത്തരം വേർപിരിക്കലിനു പഴയനിയമത്തിലോ പുതിയനിയമത്തിലോ അടിസ്ഥാനമില്ല. മോശെ മുഖാന്തരം ദൈവം കൊടുത്തതെല്ലാം - പ്രമാണങ്ങളും, ചട്ടങ്ങളും, വിധികളും എല്ലാം ദൈവത്തിന്റെ പ്രമാണങ്ങൾ ആയിരുന്നു. ചിലപ്പോൾ അതിനെ "മോശെയുടെ പ്രമാണം" എന്നു വിളിച്ചിരുന്നു എങ്കിലും (യോശുവ 8:31; 1 രാജാക്കന്മാർ 2:3), അതു അവന്റെ നിയമം ആയിരുന്നില്ല. അതുപോലെ, "എന്റെ സുവിശേഷം" എന്നു പൗലൊസ് സൂചിപ്പിച്ചിട്ടുണ്ട് (റോമർ 2:16; 16:25), ക്രിസ്തുവിന്റെ ഉപദേശങ്ങളെയും സുവിശേഷത്തെയും നാം "അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ" എന്നു പറയാറുണ്ട്.

**പിഴകൾ ഉള്ളതായ ഒരു നിയമം**

ഈ നിയമങ്ങൾ ഏതെങ്കിലും അവർ ലംഘിച്ചാൽ അതിനു പിഴകൾ ഉണ്ട്. പല ലംഘനങ്ങൾക്കും ആവശ്യമായ ശിക്ഷ മരണമാണ്, മറ്റുള്ള തെറ്റുകൾക്കു, ചെയ്ത കുറ്റത്തിനു അതേവിധത്തിലുള്ള ശിക്ഷയാണ് ഏല്ക്കേണ്ടിയിരുന്നത്. അറിയാതെ ചെയ്യുന്ന അബദ്ധങ്ങൾക്ക് തെറ്റു ചെയ്ത വ്യക്തിയോടു നിരപ്പുപ്രാപിക്കുകമാത്രമല്ല, ദൈവത്തിനു അതിന്റെ പ്രായശ്ചിത്തമായി ശരിയായ യാഗവും അർപ്പിക്കേണം (ലേവ്യാപുസ്തകം 4:27–35). ഇന്നു നിയമപരമായി ചില കോടതികൾ പിഴ ഈടാക്കുന്നതുപോലെയോ അല്ലെങ്കിൽ ദൈവം ആവശ്യപ്പെടുന്നതു പ്രായശ്ചിത്തമാണ്.

**ഉപസംഹാരം**

ദൈവം മോശെ മുഖാന്തരം യിസ്രായേലിന്നു കൊടുത്തു മറ്റാളുകൾക്കല്ല, യിസ്രായേൽ ജനമായിരുന്നു അനുസരിക്കേണ്ടിയിരുന്നത്. ഈ നിയമത്തിൽ വ്യക്തിപരം, ദേശിയം, മതപരമായ ജീവിതകാര്യങ്ങളും ഉൾപ്പെടുത്തിയിരുന്നു. ഈ നിയമങ്ങളെ യിസ്രായേൽ അനുസരിക്കുന്നതുകൊണ്ട് അവർ തിരഞ്ഞെടുക്കപ്പെട്ട, വേർപെട്ട ജനമായിത്തീരുമായിരുന്നു.

---

കുറിപ്പ്

[1]അതേ പ്രസ്താവനകൾ ആവർത്തനപുസ്തകം 4:40; 8:11; 10:13; 11:27, 28; 13:18; 28:1, 13, 15; 30:8.

© 2009 Truth for Today